# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 375** **28.05.2019 - ൽ മറുപടിക്ക്.**

## റേഷൻ വിതരണ രംഗത്തെ നൂതന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി.കൃഷ്ണൻ**<br>**,, പി. ഉണ്ണി**<br>**,, എൻ. വിജയൻ പിള്ള**<br>**,, കെ.കുഞ്ഞിരാമൻ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തൊക്കെയാണ്; | **(എ)** സംസ്ഥാനത്തെ മുഴുവൻ റേഷൻകടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചു. റേഷൻ കാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിന് തന്നെ റേഷൻ ലഭിക്കുന്നു എന്നുറപ്പാക്കുന്നു. ഇപ്പോൾ വിരലടയാളമാണ് പരിശോധിക്കുന്നത്. ഐറിസ് പരിശോധിക്കുന്ന സംവിധാനവും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും. റേഷൻ കാർഡുകൾ ലഭിക്കുന്നതിന് ഓൺലൈനായി അപേക്ഷിക്കുന്നതിനുള്ള സംവിധാനവും നിലവിൽ വന്നിട്ടുണ്ട്. റേഷൻ കടകളിൽ വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ സാധനങ്ങൾ നേരിട്ടെത്തിക്കുന്നുണ്ട്. വാതിൽപ്പടി വിതരണം നിരീക്ഷിക്കുന്നതിന് സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ ഉപയോഗിച്ചു വരുന്നു. ഗുണഭോക്താക്കൾക്ക് റേഷൻ വിഹിതം സംബന്ധിച്ച് എസ്.എം.എസ്. സന്ദേശം നൽകി വരുന്നു. മൊബൈൽ ആപ്പ് വഴി റേഷൻ കാർഡ് വിവരങ്ങളും റേഷൻ സാധനങ്ങളുടെ വിവരങ്ങളും ലഭ്യമാണ്. ഡിജിലോക്കർ സംവിധാനത്തിൽ റേഷൻ കാർഡുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. |

(ബി) ഇതിന്റെ ഭാഗമായി റേഷൻകാർഡ് ഉടമകളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ട്.

(സി) റേഷൻകടകളുടെ നവീകരണ ത്തിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) റേഷൻ കട നവീകരണത്തിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻകടയ്ക്ക് 2,500/- രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000/- (മൂന്ന് കോടി അൻപത് ലക്ഷം രൂപ) അനുവദിച്ചു. റേഷൻകടകൾ നവീകരണം താഴെ പറയുന്ന രീതിയിലാണ് ചെയ്തിട്ടുള്ളത്.

1) ചുവപ്പും മഞ്ഞയും നിറത്തിൽ നിശ്ചിത മാതൃകയിൽ ബോർഡുകൾ സ്ഥാപിക്കുക.
2) നിശ്ചിത മാതൃകയിൽ ഉള്ള സ്റ്റോക്ക്ബോർഡ്/വിലവിവര പട്ടിക ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ സ്ഥാപിക്കുക.
3) കടയുടെ ഉൾവശം വൈറ്റ് വാഷ് ചെയ്യുക.
4) ഷട്ടർ / ഡോർ എന്നിവ അംഗീകരിച്ച മാതൃകയിൽ പെയിന്റ് ചെയ്യുക.

(ഡി) ഇ-പോസ് മെഷീനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വേയിംഗ് ബാലൻസുമായി പ്രസ്തുത മെഷീൻ ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(ഡി) ഇ-പോസ് വേയിംഗ് ബാലൻസുമായി യോജിപ്പിക്കുന്ന തിന്റെ മുന്നോടിയായി വെയിംഗ് ബാലൻസുകൾ വാങ്ങുന്നതിനായി ടെണ്ടർ ഡോക്യുമെന്റ് തയ്യാറാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**